**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3742** **27-10-2021 - ൽ മറുപടിയ്ക്ക്**

**അപേക്ഷകൾക്കൊപ്പം വിവിധ സർട്ടിഫിക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ അപേക്ഷകൾക്കൊപ്പം വരുമാന, ജാതി സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നത് ഒഴിവാക്കി അപേക്ഷകന്റെ സത്യവാങ്മൂലത്തോടെ അപേക്ഷകൾ സ്വീകരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നവരിൽനിന്ന് അഡ്മിഷൻ സമയത്തും പദ്ധതിയിൽ ഉൾപ്പെടുമ്പോഴും മാത്രം പ്രസ്തുത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (എ) | വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും എന്ന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിവരുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, നിയമപ്രകാരമുള്ള വിവിധ അനുമതിയ്ക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്നവയിൽ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ്, സേവനം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചുവരുന്നത്. ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് നിലവിൽ വില്ലേജ് ഓഫീസർ/ |

| | | | |
|---|---|---|---|
| | | | തഹസിൽദാർ എന്നിവരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. എസ്.എസ്.എൽ.സി. ബുക്ക്/ വിദ്യാഭ്യാസ രേഖ ഉൾപ്പെടെ പരിശോധിച്ചാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. എന്നാൽ പുതിയ മാർഗ്ഗനിർദ്ദേശംപ്രകാരം അപേക്ഷകന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്/വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ/തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന് പകരമായി അടിസ്ഥാനരേഖയായി പരിഗണിക്കാം. അച്ഛനമ്മമാർ വ്യത്യസ്ത ജാതിയിൽ പെട്ടവരാണെങ്കിൽ അവരുടെ/അവരിലൊരാളുടെ എസ്.എസ്.എൽ.സി. ബുക്ക്/വിദ്യാഭ്യാസ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി തെളിവായി പരിഗണിക്കാം. നിലവിൽ വരുമാന സർട്ടിഫിക്കറ്റ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇത്തരം സർട്ടിഫിക്കറ്റുകൾ അപേക്ഷ സമയത്ത് ഹാജരാക്കേണ്ടതിനാൽ ആയതിന്റെ ആവശ്യത്തിലേയ്ക്കായി വില്ലേജ് ഓഫീസുകൾ, ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ എത്തുന്ന അപേക്ഷകരുടെ തിരക്കും മറ്റും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. അപേക്ഷകരുടെ തിരക്കും മറ്റും ഒഴിവാക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ